# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2014 ജൂലൈ 2, ബുധൻ

## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ :**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധക്ഷണിക്കൽ :**

(1) ഇ.പി.എഫ്. പദ്ധതി പ്രകാരമുള്ള കുറഞ്ഞ പെൻഷൻ പ്രതി മാസം ആയിരം രൂപയാക്കി ഉയർത്തുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എ.എ. അസീസ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കാത്തതുമൂലം ചാലക്കുടി റിവർ ഡൈവർഷൻ പദ്ധതിയിലും അങ്കമാലി നിയോജകമണ്ഡലത്തിലും അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ജോസ് തെറ്റയിൽ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ :**

(1) ലിസ്റ്റ് I പ്രകാരം

(2) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

**4. റിപ്പോർട്ട് സമർപ്പണം :**

(1) ജലവിഭവ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി III -ന്റെ അദ്ധ്യക്ഷനുമായ ശ്രീ. പി.ജെ. ജോസഫ് കമ്മിറ്റിയുടെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IV -ന്റെ അദ്ധ്യക്ഷനുമായ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ച്ചറിംഗ് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(3) ഊർജ്ജ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VII -ന്റെ അദ്ധ്യക്ഷനുമായ ശ്രീ. ആര്യാടൻ മുഹമ്മദ് കമ്മിറ്റിയുടെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(4) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. റ്റി.യു. കുരുവിള സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**5. ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന :**

2014 ഫെബ്രുവരി 24–ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 37/2014/ഹോം (എസ്.ആർ.ഒ. നമ്പർ 167/2014) മുഖേന പുറപ്പെടുവിച്ച 2014–ലെ ദി കേരള വിക്റ്റിം കോമ്പൻസേഷൻ സ്കീമിന് ശ്രീ. എം. ഉമ്മർ, ശ്രീ. വി.ഡി. സതീശൻ എന്നിവർ നല്കിയ ഭേദഗതികളുടെ പരിഗണന.

**6. ധനകാര്യം :**

2014–2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XXV | - | പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം |
| ധനാഭ്യർത്ഥന നമ്പർ XLII | - | വിനോദസഞ്ചാരം |

(പ്രത്യേക ലിസ്റ്റ് പ്രകാരം)

**7. ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം :**

(ഉച്ചയ്ക്കുശേഷം ഒരു മണിക്കൂർ)

റെയിൽവേ യാത്രാനിരക്കും ചരക്ക് കൂലിയും കുത്തനെ ഉയർത്തിയ നടപടി മൂലം കേരളത്തിലെ റെയിൽവേ യാത്രക്കാർക്ക് നേരിടേണ്ടിവരുന്ന കടുത്ത സാമ്പത്തിക ഭാരം, അതിരൂക്ഷമായ വിലക്കയറ്റം എന്നീ സാഹചര്യങ്ങളെക്കുറിച്ച് സഭ ചർച്ച ചെയ്യണമെന്ന ഉപക്ഷേപം ശ്രീ. സി. ദിവാകരൻ അവതരിപ്പിക്കുന്നതാണ്.

(ഉപക്ഷേപം പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ജൂലൈ, 1

പി.ഡി. ശാരംഗധരൻ,
സെക്രട്ടറി.

# THIRTEENTH KERALA LEGISLATIVE ASSEMBLY

## Eleventh Session

Wednesday, July 2, 2014

## LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Calling Attention:**

(1) Shri. A.A. Azeez to call the attention of the Chief Minister to the necessity to exert pressure on Central Government to raise the minimum pension under the EPF scheme to thousand rupees per month.

(2) Shri. Jose Thettayil to call the attention of the Minister for Water Resources to the necessity to take steps to redress the scarcity of water experienced in Chalakudy River Diversion scheme and Angamaly assembly constituency consequent on the non-renewal of Parambikulam–Aliyar Agreement.

**III. Papers to be Laid :**

(1) As per List – I

(2) As per List – II under rule 47 (2)

**IV. Presentation of Reports :**

(1) Shri. P.J. Joseph, Minister for Water Resources and Chairman, Subject Committee-III to present the Periodical Report of the Committee as on 31st March 2014.

(2) Shri. P.K. Kunhalikutty, Minister for Industries and Information Technology and Chairman, Subject Committee -IV to present the Report of the Subject Committee regarding the restructuring of Public Undertakings

(3) Shri. Aryadan Muhammed, Minister for Power and Chairman, Subject Committee-VII to present the Periodical Report of the Committee as on 31st March 2014.

(4) Shri. T.U. Kuruvilla, Chairman, Committee on the Welfare of Senior Citizens to present the Fourth Report of the Committee.

**V. Consideration of Amendments to rules :**

Consideration of Amendments to The Kerala Victim Compensation Scheme, 2014 issued in G.O. (Ms.) No. 37/2014/Home dated 24.02.2014 (S.R.O. No. 167/2014) given notice of by Shri. M.Ummer and Shri. V.D. Satheesan.

**VI. Financial Business :**

Discussion and voting on Demands for Grants in the Budget for the year 2014-2015.

| | | |
|---|---|---|
| Demand No. XXV | - | Welfare of Scheduled Castes/ Scheduled Tribes/Other Backward Classes and Minorities |
| Demand No. XLII | - | Tourism |

(As per separate list)

**VII. Motion Under Rule 130:**

(Afternoon – One Hour)

Shri. C. Divakaran to move the motion to raise a discussion regarding the heavy financial burden faced by the railway passengers and severe hike in price experienced in the State consequent on the steep hike in railway passenger fares and freight charges.

(Motion separately circulated)

Secretariat of the Kerala Legislature,
Thiruvananthapuram,
July 1, 2014

P.D. Sarangadharan,
Secretary.